Generated by Foxit PDF Creator © Foxit Software
http://www.foxitsoftware.com For evaluation only.




രജനിയുടെ സൈറ്റ് രജനിപവറിൽ തന്നെ പ്രവർത്തിച്ചോളും, പുറത്തു നിന്നൊരു സർവീസിന്റേയും സഹായം വേണ്ടെന്നു ചുരുക്കം. സംശയമുണ്ടെങ്കിൽ പരീക്ഷിച്ചു നോക്കാം.

P15



ആഫ്റ്റർ പാർട്ടിയിൽ തന്റെ പ്രിയതമയോടുള്ള പ്രണയം തുറന്നു കാട്ടാൻ ഷാരുഖ് മടിച്ചില്ല. പാർട്ടിക്കിടെ ഡാൻസ് ഫ്ളോറിലേക്ക് ഗൗരിയെ വിളിക്കുകയായിരുന്നു ഷാരുഖ്.

P18






# തിരശീല ഉയരുന്നു

**കഴിഞ്ഞ നവംബറിൽ അപ്‌ലോഡ് ചെയ്ത ഒരു വെബ്സൈറ്റിന്റെ ബാല്യം. എത്ര പഠിച്ചാലും അധ്യായങ്ങൾ ബാക്കിയാകുന്ന കലാരംഗത്തേയ്ക്ക് പിച്ചവച്ചു തുടങ്ങിയിട്ടേയുള്ളൂ തിരശീല.**




**ബൈജു ഗോവിന്ദ്**

ഒരു മൗസ്ക്ലിക്കിനടുത്ത് കലാവേദിയുടെ തിരശീല ഉയരുകയാണ്. കല ഏതോ ആകട്ടെ, അണിയുന്നതു ചിലങ്കയോ കാൽച്ചിലമ്പോ ആയിക്കോട്ടെ. കലാകാരന്മാർക്ക് ഇവിടെ കൂട്ടുകൂടാം. അരങ്ങുകളിലൂടെ ദീർഘദൂരം യാത്ര ചെയ്തവരും അരങ്ങേറ്റം കഴിഞ്ഞ് ആടാൻ കാത്തിരിക്കുന്നവരും ലോഗ് ഇൻ ചെയ്യുന്നതോടെ ഈ വെബ്സൈറ്റിനു വിളക്കു തെളിയുകയായി. ഇതൊരു വാതിലാണ്. വേദികളിൽ ജീവിതം സമർപ്പിച്ചവരുടെ വിവരങ്ങൾ സൂക്ഷിച്ചു വച്ചിട്ടുള്ള ഓൺലൈൻ മുറിയുടെ വാതായനം. നൃത്തത്തെ, സംഗീതത്തെ, കഥകളിയെ സ്നേഹിക്കുന്നവരോടു സംവദിക്കാൻ, സൗഹൃദം സ്ഥാപിക്കാൻ അഡ്രസ് ബാറിലേക്ക് ടൈപ്പ് ചെയ്യാം www.thiraseela.com

കഴിഞ്ഞ നവംബറിൽ അപ്‌ലോഡ് ചെയ്ത ഒരു വെബ്സൈറ്റിന്റെ ബാല്യം. എത്ര പഠിച്ചാലും അധ്യായങ്ങൾ ബാക്കിയാകുന്ന കലാരംഗത്തേയ്ക്ക് പിച്ചവച്ചു തുടങ്ങിയിട്ടേയുള്ളൂ തിരശീല. സാങ്കേതികതയുടെ റൺവേയിൽ കുതിച്ചുയരുന്നതിനുള്ള തയാറെടുപ്പിൽ പേജുകൾ സമ്പുഷ്ടം. കഴിഞ്ഞ ദിവസം വൈകുന്നേരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ വിനീതും ലക്ഷ്മി ഗോപാല സ്വാമിയും നിറഞ്ഞാടിയ വേദിയുടെ ദൃശ്യങ്ങൾ. ഈ മാസമൊടുവിൽ പാലായിലും പാറശാലയിലും ക്ഷേത്രമുറ്റങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന സംഗീത സന്ധ്യകൾ. പുരസ്കാരം ലഭിച്ചവരും ആട്ടം പഠിച്ചവരുമായി അഭിമുഖങ്ങൾ... കലാസമിതികളും കലാകാരന്മാരും തൊട്ടരികെയെത്തുന്നു തിരശീലയിലൂടെ.

ഗ്ലെമോ ടെക്നോളജി സൊല്യൂഷൻസും കലാവേദികളും തമ്മിൽ അകലം ഏറെയുണ്ട്. അത്രയും ദൂരമില്ല ഈ സ്ഥാപനത്തിന്റെ സിഇഒ വീണ കിരണും തിരശീലയും തമ്മിൽ. കാർ യാത്രയ്ക്കിടെ ട്രാഫിക് ബ്ലോക്കിൽ ഒരു നാടകട്രൂപ്പിന്റെ ബസിനു പിന്നിൽ കാർ നിർത്തിയിട്ട ഏതാനും നിമിഷങ്ങൾ. ഗ്രാമത്തിലെ ഉത്സവത്തിന് ഈ നാടകം ബുക്ക് ചെയ്യാൻ ആരെ വിളിക്കണം...? ഫോൺ നമ്പർ തപ്പിയുള്ള യാത്രയ്ക്കൊടുവിൽ വീണ ഒരു തീരുമാനമെടുത്തു. എവിടെയിരുന്നും ഏതു കലാകാരനേയും വിളിക്കാൻ ആർക്കും സാധിക്കുന്ന വിധം ഒരു വെബ്സൈറ്റ് ഡിസൈൻ ചെയ്യാനുള്ള തീരുമാനത്തിന് അന്നത്തെ ഒരു രാത്രി മതിയായിരുന്നു. പ്രശാന്ത്, ഫൈസൽ, ജെറി, അനീഷ്, ശ്രീനാഥ്... ടെക്നിക്കൽ ടീം അഞ്ചു മാസംകൊണ്ട് ഓൺലൈൻ തിരശീലയുടെ അണിയറയൊരുക്കി. നവംബർ ഇരുപത്തിമൂന്നിന് തിരുവനന്തപുരത്ത് ഉദ്ഘാടനം കഴിഞ്ഞപ്പോഴേയ്ക്കും ഫോൺ കോളുകൾ വന്നു തുടങ്ങി. ഉത്സവങ്ങൾക്കു പ്രോഗ്രാം തയാറാക്കുന്ന ഏജൻസികളുടെ എതിർപ്പ്, കലാകാരന്മാരുടെ പ്രോത്സാഹനം...



*വീണ കിരൺ*

കലാരംഗത്തുള്ളവർക്ക് പ്രൊഫൈൽ രജിസ്റ്റർ ചെയ്യാനും സാംസ്കാരിക വാർത്തകൾ അറിയിക്കാനും ഒരു വെബ്സൈറ്റ് എന്നതിനപ്പുറം പേജുകൾ നിറയുന്നു തിരശീലയിൽ. നാടക ട്രൂപ്പുകൾ, അവാർഡുകൾ, പുരസ്കാര ജേതാക്കൾ, ഓർമക്കുറിപ്പ്, വേദിക്കു നഷ്ടപ്പെട്ടവർ, ആചാരം, അനുഷ്ഠാനം, കല, അറിയിപ്പുകൾ, ഉത്സവങ്ങൾ... വേദികളിൽ നിന്നു കലാകാരന്മാരിലേക്കുള്ള വഴികാട്ടിയാകുന്നു തിരശീല. ആയിരം രൂപ രജിസ്ട്രേഷൻ ഫീസിൽ കേരളത്തിലെ എല്ലാ കലാകാരന്മാരും പരസ്പരം കോർത്തിണങ്ങുമ്പോൾ ഓൺലൈനിൽ ഇത് ആദ്യ സംരംഭം.

അവശകലാകാരന്മാരെ പ്രോത്സാഹിപ്പിക്കാൻ സാമ്പത്തിക സഹായം. ഓരോ വേദികളിലും മികവു പ്രകടിപ്പിച്ച ആചാര്യന്മാർക്ക് പുരസ്കാരങ്ങൾ. നാട്ടുകലകൾക്ക് വിളക്കു തെളിക്കാൻ വേദികൾ.... തിരശീലയുടെ പുതിയ പ്രവർത്തനങ്ങളെക്കുറിച്ച് സ്ഥാപനത്തിന്റെ അണിയറ പ്രവർത്തകൻ കിരൺ വിശദീകരിക്കുന്നു. ഫേസ്ബുക്കിലുണ്ട്, ബ്ലോഗിലുമുണ്ട് തിരശീല. മലയാള കലാലോകത്തിന് ഇന്റർനെറ്റിൽ തിരിയിട്ടു വിളക്കു കൊളുത്തിക്കഴിഞ്ഞു തിരശീല...